(ഇ) കോട്ടയം ജില്ലാ ടൂറിസം സൊസൈറ്റിയിൽ നടന്ന അഴിമതിയെ സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായാൽ മാത്രമേ ക്രമക്കേടു നടന്ന സംഖ്യയുടെ കൃത്യമായ കണക്ക് വെളിവാക്കാൻ കഴിയൂ.

(എഫ്) കേസന്വേഷണം നടന്നുവരികയാണ്. ചാർജ്ജു ഷീറ്റ് നൽകിയിട്ടില്ല.

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(എച്ച്) വിജിലൻസ് കേസുകളിൽ ട്രാപ്പ് കേസുകളിൽ (കൈക്കൂലി വാങ്ങുന്നത് കയ്യോടെ പിടികൂടുന്ന കേസുകളിൽ) മാത്രമേ പ്രതികളെ അറസ്റ്റ് ചെയ്യാറുള്ളൂ.

(ഐ) ഈ ആരോപണം ശരിയല്ല. കേസന്വേഷണം പൂർത്തിയാക്കുന്നതിന് സ്വാഭാവികമായി ഉള്ള കാലതാമസം മാത്രമേ ഉള്ളൂ.

(ജെ) അന്വേഷണം ത്വരിതപ്പെടുത്തുന്നതാണ്.

64 (82) കേരളത്തിലെ പത്രപ്രവർത്തകർ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ പത്രപ്രവർത്തകർ സി.ഐ.എ.യുടെ പണം പറ്റുന്നതായി കേരളാപോലീസ്, ഇന്റലിജൻസ് എന്നിവയ്ക്ക് എന്തെങ്കിലും വിവരം ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടക്കുകയാണ്.

65 (83) മലപ്പുറം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേള

ശ്രീ. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേള നടക്കവേ ഒരു സംഘം സാമൂഹ്യവിരുദ്ധർ വേദിയിൽ അതിക്രമിച്ചു കടന്നു ബലപ്രയോഗം നടത്തി മേള അലങ്കോലപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അതിക്രമത്തെ തുടർന്ന് ഈ പരിപാടി നിർത്തിവയ്ക്കപ്പെടുകയുണ്ടായോ;

(സി) ഇതിൽ ആരെല്ലാമാണ് പ്രതികൾ, എത്രപേരെ അറസ്റ്റുചെയ്തു; എത്രപേരെ അറസ്റ്റുചെയ്യാൻ ഉണ്ട്;

(ഡി) ഈ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ചാർജ്ജ് ചെയ്യാനാവും.

LIBRARY ARCHIVES Kerala Legislative Assembly